ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) 25 കേന്ദ്രങ്ങളിൽ പോളി ക്ലിനിക്കുകൾ ആരംഭിച്ച് ഉത്തരവായിട്ടുണ്ട്.

(സി-ഇ) ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ഫസ്റ്റ് റഫറൽ ആശുപത്രികൾ

2 (2038) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-2010 വർഷത്തിൽ സംസ്ഥാനത്ത് എത്ര ആശുപത്രികളെ ഫസ്റ്റ് റഫറൽ ആശുപത്രികളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് പേർ സഹിതം വെളിപ്പെടുത്തുമോ ;

(ബി) ഫസ്റ്റ് റഫറൽ ആശുപത്രിയിൽ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഫസ്റ്റ് റഫറൽ ആശുപത്രിയാക്കി ഉയർത്താനുള്ള അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാനൂർ സി.എച്ച്.,സി.യെ ഫസ്റ്റ് റഫറൽ ആശുപത്രിയായി ഉയർത്തി രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-2010 വർഷത്തിൽ സംസ്ഥാനത്ത് ഒരു ആശുപത്രിയും ഫസ്റ്റ് റഫറൽ ആശുപത്രി ആക്കിയിട്ടില്ല.

(ബി) ഈ ആശുപത്രികളിൽ ഗൈനക്കോളജി വിഭാഗം, പീഡിയാട്രിക് വിഭാഗം എന്നിവ കൂടാതെ അനസ്തിറ്റിസ്റ്റും ഉണ്ടാവും. കൂടാതെ മെഡിക്കൽ സർജറി വിഭാഗത്തിലും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഇ.സി.ജി, എക്സ്റേ സംവിധാനങ്ങളും ലബോറട്ടറി സംവിധാനങ്ങളും ലഭ്യമാണ്.

(സി&ഡി) റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

സ്വന്തം വസതിയിലല്ലാതെ പ്രാക്ടീസ് നടത്തിയ ഡോക്ടർമാർക്കെതിരെ നടപടി

3 (2066) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വന്തം വസതിയിലല്ലാതെ പ്രാക്ടീസ് നടത്തിയ എത്ര ഡോക്ടർമാർക്കെതിരെ നടപടി എടുത്തു; അവർ ആരെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ആശുപത്രിയുടെ എട്ടു കിലോമീറ്റർ ചുറ്റളവിൽ വീട്ടിൽ പ്രാക്ടീസ് നടത്താമെന്ന 2005-ലെ ഉത്തരവ് സംസ്ഥാനത്തെ പല ഡോക്ടർമാരും ലംഘിച്ച് സ്വകാര്യ പ്രക്ടീസ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ പ്രക്ടീസ് നടത്തുന്ന സർക്കാർ ഡോക്ടർമാരിൽ കുറച്ചു പേരെങ്കിലും മെഡിക്കൽ ഷോപ്പുകളുടേയും ലാബുകളുടേയും പിന്നിലിരുന്നാണ് പ്രക്ടീസ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഡോക്ടർമാർക്കെതിരെയും ഇത്തരം മെഡിക്കൽ ഷോപ്പ്, ലാബുകാർക്കെതിരെയും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിനെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1) 15-12-2010-ലെ GO;(Rt)No.4927/10/H&FWD ഉത്തരവ് പ്രകാരം താഴെപറയുന്ന ഡോക്ടർമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

1. Dr.Mohanroy, Consultant-O&G, THQ Hospital, Nedumangad.
2. Dr.Priya.D, Jr.Consultant-O&G, THQ Hospital, Nedumangad.
3. Dr.Anibhas.R.S, Jr.Consultant-ENT, THQ Hospital, Nedumangad
4. Dr.Selmath, Assistant Surgeon(General), CHC , Palode.
5. Dr.Glady George, Jr.Consultant – Paediatrics, THQ Hospital, Punalur, Kollam.

II. 18-12-2010-ലെ സർക്കാർ ഉത്തരവ് നമ്പർ 4956/10/H&FWD പ്രകാരം താഴെ പറയുന്ന ഡോക്ടർമാർക്കെതിരെ സ്ഥലംമാറ്റ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. Dr.C.R.Jawahar Babu, consusltant Surgery, THQ Hospital, Nedumangad.

2. Dr.K.G.Venugopal, Consultant, Paediatrics, THQ Hospital, Nedumangad.

3. Dr.Vinayachandran Thampy.V, Jr.Consultant, Paediatrics, THQ Hospital, Nedumangad.

LIBRARY ARCHIVES Kerala Legislative Assembly

4. Dr.Sujith Ravi, Jr.Consultant, Anesthesia, THQ Hospital, Nedumangad.

5. Dr.N.Ajith, Consultant Orthopaedics, THQ Hospital, Nedumangad.

6. Dr.V.S.Ajith Kumar, Jr.Consultant. Orthopaedics, THQ Hospital, Nedumangad

7. Dr.Renu Mary Thomas, Jr.Consultant Dermatology, THQ Hospital, Nedumangad

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനം

4(2078) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ആലപ്പുഴ ജില്ലയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; കാലാവധി എന്ന് അവസാനിക്കും ;

(ബി) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട് ;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ; നിലവിലുള്ള ഒഴിവുകൾ പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-10-2007-ലാണ് നിലവിൽവന്നത്. 2011 മേയ് 31-ന് കാലാവധി അവസാനിക്കും.

(ബി) 39 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഒരൊഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

5(2088) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കാണ് സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നത് ;

(ബി) ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സകൾക്കാണ് ഇത്തരത്തിൽ റീ-ഇംമ്പേഴ്സ്മെന്റ് അനുവദിക്കുന്നത് ;

(സി) കൂടുതൽ ആശുപത്രികളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly